**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 778** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>അപ്പോളോ നഗറിലെ ഭവന പുനരുദ്ധാരണ പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജി. ആർ. അനിൽ

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ
വകുപ്പ് മന്ത്രി)

**(എ)** അണ്ടൂർക്കോണം പഞ്ചായത്തിലെ അപ്പോളോ ഉന്നതിയിൽ പട്ടികജാതി വികസന വകുപ്പിന്റെ പ്രത്യേക ഫണ്ട് വിനിയോഗിച്ച് 117 വീടുകളുടെ പുനരുദ്ധാരണത്തിനായി കേരള നിർമ്മിതി കേന്ദ്രം മുഖേന നടപ്പിലാക്കുന്ന പദ്ധതിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കുമോ;കഴിഞ്ഞ നിയമസഭാ സമ്മേളനത്തിന് ശേഷം നടന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

**<u>മറുപടി:</u>** അപ്പോളോ നഗറിലെ 25 വീടുകളുടെ അറ്റകുറ്റപ്പണികൾ ജില്ലാ നിർമ്മിതി കേന്ദ്രം മുഖേന പൂർത്തീകരിച്ചിട്ടുണ്ട്.

കഴിഞ്ഞ നിയമസഭ സമ്മേളനത്തിന് ശേഷം പുതിയ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. ഗുണഭോക്താക്കൾ അവരുടെ അർഹത തെളിയിക്കുന്നതിനു ആവശ്യമായ രേഖകൾ സമർപ്പിക്കുന്ന നടപടികൾ നടന്നു വരുന്നു. അപ്പോളോ നഗറിൽ ഉൾപ്പെടുന്ന ഗുണഭോക്താക്കൾ ഹാജരാക്കേണ്ട ജാതി വരുമാന സർട്ടിഫിക്കറ്റുകളോടൊപ്പം നിർബന്ധമായും ഹാജരാക്കേണ്ട സർട്ടിഫിക്കറ്റ് ആണ് ownership certificate. ടി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് തടസം നേരിടുന്നുണ്ട്. പദ്ധതിയിൽ 25 വീടുകളുടെ പുനരുദ്ധാരണ പ്രവർത്തികൾ മാത്രമാണ് ഇതുവരെ പൂർത്തിയായത് എന്ന പരാതിയിൻമേൽ സ്ഥലം സന്ദർശിച്ച് പരിശോധന നടത്തുന്നതിനും അടുത്ത ഘട്ടമായി നടപ്പിലാക്കേണ്ട വീടുകളുടെ ലിസ്റ്റ് തയ്യാറാക്കുന്നതിനും 10.07.2026 ൽ ചേർന്ന പഞ്ചായത്ത് സമിതി യോഗം തീരുമാനിച്ചു.

തുടർന്ന് 07.09.2026 ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, വാർഡ് മെമ്പർ, പട്ടികജാതി വികസന ഓഫീസർ, എസ് സി പ്രൊമോട്ടർ, നിർമ്മിതി കേന്ദ്രം പ്രതിനിധികൾ തുടങ്ങിയവർ ടി സ്ഥലം സന്ദർശിച്ച് വീടുകളുടെ പരിശോധന നടത്തുകയും അടുത്ത ഘട്ടത്തിൽ പൂർത്തീകരിക്കേണ്ട 10 വീടുകൾ തെരഞ്ഞെടുക്കുകയും ഈ ഗുണഭോക്താക്കളോട് ആവശ്യമായ രേഖകൾ ഹാജരാക്കുന്നതിനും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

**(ബി)** പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട 117 വീടുകളിൽ 25 വീടുകളുടെ പുനരുദ്ധാരണ പ്രവർത്തികൾ മാത്രമാണ് ഇതുവരെ പൂർത്തിയായത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;ബാക്കി വീടുകളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് തടസ്സമായി നിൽക്കുന്നത് ഫണ്ട് ലഭ്യതക്കുറവാണോ; ഇതിലെ സാമ്പത്തിക പ്രതിസന്ധിയും കാരണങ്ങളും വ്യക്തമാക്കുമോ;

**<u>മറുപടി:</u>** പദ്ധതിയിൽ 25 വീടുകളുടെ പുനരുദ്ധാരണ പ്രവർത്തികൾ മാത്രമാണ് ഇതുവരെ പൂർത്തിയായത് എന്ന പരാതിയിൻമേൽ സ്ഥലം സന്ദർശിച്ച് പരിശോധന നടത്തുന്നതിനും അടുത്ത ഘട്ടമായി നടപ്പിലാക്കേണ്ട വീടുകളുടെ ലിസ്റ്റ് തയ്യാറാക്കുന്നതിനും 10.07.2026 ൽ ചേർന്ന പഞ്ചായത്ത് സമിതി യോഗം തീരുമാനിച്ചു.

തുടർന്ന് 07.09.2026 ന് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്, വാർഡ് മെമ്പർ, പട്ടികജാതി വികസന ഓഫീസർ, എസ് സി പ്രൊമോട്ടർ, നിർമ്മിതി കേന്ദ്രം പ്രതിനിധികൾ തുടങ്ങിയവർ ടി സ്ഥലം സന്ദർശിച്ച് വീടുകളുടെ പരിശോധന നടത്തുകയും അടുത്ത ഘട്ടത്തിൽ പൂർത്തീകരിക്കേണ്ട 10 വീടുകൾ തെരഞ്ഞെടുക്കുകയും ഈ ഗുണഭോക്താക്കളോട് ആവശ്യമായ രേഖകൾ ഹാജരാക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്.

**(സി)** പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് സർക്കാരും വകുപ്പും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്;പദ്ധതിക്കായി കൂടുതൽ ഫണ്ട് അനുവദിക്കുന്ന കാര്യത്തിൽ എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ;

**<u>മറുപടി:</u>** പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികളുടെ പുരോഗതിക്ക് അനുസൃതമായി ആവശ്യമായ തുക നൽകി വരുന്നുണ്ട്.

**(ഡി)** തിരുവനന്തപുരം ജില്ലയിൽ ഏറ്റവും കൂടുതൽ പട്ടികജാതി വിഭാഗങ്ങൾ അധിവസിക്കുന്ന നഗർ ആയതിനാൽ പ്രദേശവാസികൾ നേരിടുന്ന സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് (STP), മാലിന്യശുചീകരണം, കുടിവെള്ളക്ഷാമം എന്നീ രൂക്ഷമായ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവ പരിഹരിക്കുന്നതിനായി പ്രത്യേക പദ്ധതികളോ തുകയോ നീക്കിവെയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

**<u>മറുപടി:</u>** നഗറിലെ ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം നേരിടുന്നുണ്ട്. സ്വീവേജ് പ്ലാൻറ് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലലഭ്യത ടി നഗറിലില്ലാത്തതിനാൽ സ്വകാര്യ വ്യക്തിയിൽ നിന്നും ഭൂമി വാങ്ങി സ്വീവേജ് പ്ലാൻറ് സ്ഥാപിക്കുന്നതിന് തദ്ദേശസ്ഥാപന തലത്തിൽ നടപടികൾ സ്വീകരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**